നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. പാചകവാതക വിതരണവും നീക്കവും പാചകവാതക ഫില്ലിംഗും അനുബന്ധ പ്രവർത്തനങ്ങളും അവശ്യസർവ്വീസായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ സഹിതം വിശദമായ ശിപാർശകൾ സമർപ്പിക്കുവാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എണ്ണക്കമ്പനി അധികൃതരും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരും ഏജൻസികളിൽ പരിശോധന നടത്തി പാചകവാതക വിതരണം സുഗമമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

ഭക്ഷണവില നിയന്ത്രണ ബിൽ

180 (5265) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭക്ഷണവില നിയന്ത്രണ ബിൽ അവതരിപ്പിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ എന്തെങ്കിലും എതിർപ്പുകൾ നിലവിൽ ഉണ്ടോ ; വിശദാംശങ്ങൾ നല്കുമോ ?

ഉത്തരം

ഇല്ല. ഹോട്ടലുകളിലെ ഭക്ഷണവില നിയന്ത്രിക്കുന്നതിനായുള്ള നിയമ നിർമ്മാണത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഇതുവരെയും ആരാഞ്ഞിട്ടില്ല. കരട് ബിൽ നിലവിൽ നിയമവകുപ്പിന്റെ പരിശോധനയിലാണ്.

പുതുക്കിയ റേഷൻകാർഡുകളുടെ വിതരണം

181 (5266) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കിയ റേഷൻകാർഡുകൾ മുൻനിശ്ചയ പ്രകാരം വിതരണം ചെയ്യാൻ തടസ്സമെന്തെങ്കിലുമുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പുതിയ കാർഡുകൾ വിതരണം ചെയ്യുമ്പോൾ എ.പി.എൽ, ബി.പി.എൽ വിഭാഗങ്ങൾ ഇല്ലാതാകുമോ ; എങ്കിൽ പാവപ്പെട്ടവർക്ക് അർഹമായ ആനുകൂല്യം ലഭിക്കാൻ റേഷൻകാർഡുകൾ എങ്ങനെയാണ് ഉപകാരപ്പെടുക എന്ന കാര്യം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാങ്കേതികമായ തടസ്സങ്ങൾ ഇല്ലെങ്കിൽ റേഷൻകാർഡ് മുൻനിശ്ചയ പ്രകാരം വിതരണം ചെയ്യും.

(ബി) പുതിയ കാർഡുകൾ വിതരണം ചെയ്യുമ്പോൾ എ.പി.എൽ. എന്നതിനുപകരം പൊതുവിഭാഗവും ബി.പി.എൽ. എന്നതിനുപകരം മുൻഗണനാ വിഭാഗമായിരിക്കും ഉണ്ടാവുക. അതിൽ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് നിലവിൽ ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിന് സർക്കാർ 14-1-2011-ന് സ.ഉ.(കൈ)നമ്പർ 16/11/ത.സ്വ.ഭ.വ. പ്രകാരമുള്ള ഉത്തരവും 27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/12/ത.സ്വ.ഭ.വ. ഉത്തരവും 7-7-2014-ലെ സ.ഉ.(കൈ)നമ്പർ 21/14/ഭ.സി.സ.വ. ഉത്തരവും അടിസ്ഥാനമാക്കിയാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ഇക്കാരണത്താൽ അർഹതയുള്ള എല്ലാവർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

കൽപ്പറ്റ മണ്ഡലത്തിലെ സിവിൽസപ്ലൈസ് സ്ഥാപനങ്ങൾ

182 (5267) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സിവിൽസപ്ലൈസ് വകുപ്പിന്റെ കീഴിൽ എത്ര സ്ഥാപനങ്ങളുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ ;

(ബി) ഇതിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(സി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പുതുതായി ഏതെങ്കിലും സ്ഥാപനങ്ങൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സിവിൽസപ്ലൈസ് വകുപ്പിന്റെ കീഴിൽ 95 റേഷൻ കടകളും 2 റേഷൻ മൊത്ത വിതരണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വൈത്തിരിയിൽ താലൂക്ക് സപ്ലൈ ഓഫീസും കൽപ്പറ്റയിൽ